<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4828**</u> <u>**20-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കടുത്തുരുത്തി ബസ്സ്ബേ ടെർമിനൽ നിർമ്മാണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി വലിയപാലത്തിനോട് ചേർന്നുള്ള ബസ്സ്ബേ ടെർമിനൽ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഈ പ്രവൃത്തിയ്ക്ക് 400.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ബസ്സ്ബേ നിർമ്മാണത്തിന്റെ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ പദ്ധതിയുടെ ജനറൽ ഡിസൈനിന് പൊതുമരാമത്ത് വകുപ്പ് അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് പാലം വിഭാഗം പ്രസ്തുത പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഡി.പി.ആർ.തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. - ന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതി യാഥാർത്ഥ്യമാക്കാൻ പൊതുമരാമത്ത് പാലം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | സോയിൽ ഇൻവെസ്റ്റിഗേഷൻ, പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പനാ വിഭാഗത്തിൽ നിന്നും ഡിസൈൻ ലഭ്യമാക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി, സ്ഥലമേറ്റെടുക്കലിനായി ഭാഗിക സാങ്കേതികാനുമതി നൽകൽ എന്നിവയാണ് പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തു നിന്നും പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് ബസ് ബേ നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ